അടിസ്ഥാനത്തിൽ ഊന്നുകാൽ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും മണൽ പരിശോധനയ്ക്കായി ജിയോളജിസ്റ്റ് സാമ്പിൾ എടുത്തിട്ടുള്ളതും വിവരം കോടതിയെ അറിയിച്ചിട്ടുള്ളതുമാണ്. കോടതി നിർദ്ദേശ പ്രകാരം ഊന്നുകാൽ പോലീസ് സ്റ്റേഷനിൽ 19 വാഹനങ്ങളും സൂക്ഷിച്ചുവരുന്നു. കേസിന്റെ അന്വേഷണം അവസാനഘട്ടത്തിലാണ്. കോടതിയിൽ കുറ്റപത്രം ഉടൻതന്നെ സമർപ്പിക്കുന്നതാണ്.

(19) മാവൂർ ഗ്വാളിയോർ റയോൺസിന്റെ കെട്ടിടത്തിൽ പുതിയ വ്യവസായം തുടങ്ങണമെന്ന ആവശ്യം

ശ്രീ. യു. സി. രാമൻ: സർ, എന്റെ മണ്ഡലത്തിലെ മാവൂർ ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടിയിട്ട് വർഷം ആറ് കഴിഞ്ഞിരിക്കുകയാണ്. ഈ കമ്പനി അടച്ചുപൂട്ടിയതോടുകൂടി മാവൂർ മാത്രമല്ല കോഴിക്കോട് ജില്ലയുടെ തന്നെ സാമ്പത്തികമേഖലയ്ക്ക് വലിയ ആഘാതമുണ്ടായിരിക്കുകയാണ്. 1384 കരാർത്തൊഴിലാളികൾ ആനുകൂല്യം കിട്ടുന്നതിനുവേണ്ടി ഇന്നും സമരമുഖത്താണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഈ തൊഴിലാളികൾക്ക് 25,000 രൂപ വീതം ആനുകൂല്യമായി നൽകണമെന്ന് മാനേജ്മെന്റിനോട് നിർദ്ദേശിച്ചിരുന്നു. അതും ഇതുവരെ നടപ്പിലായിട്ടില്ല. വ്യവസായ ആവശ്യത്തിന് മാത്രമായിട്ടാണ് 400 ഏക്കർ ഭൂമി ബിർള മാനേജ്മെന്റിന് നാമമാത്രമായ വിലയ്ക്ക് സർക്കാർ നൽകിയത്. ബിർള മാനേജ്മെന്റ് പ്രസ്തുത സ്ഥലം ഇന്ന് ആ ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്നില്ല. ആ സ്ഥലം ഇന്ന് കാടുപിടിച്ച് നശിച്ചുകൊണ്ടിരിക്കുകയാണ്. അവിടെയുണ്ടായിരുന്ന അനുബന്ധ കെട്ടിടങ്ങൾ മുഴുവൻ ദ്രവിച്ച് വീണുകൊണ്ടിരിക്കുകയാണ്. അവിടെ എല്ലാവിധ ഭൗതികസാഹചര്യങ്ങളുമുണ്ട്. ചാലിയാർ പുഴ, വൈദ്യുതി, നല്ല റോഡ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. എല്ലാ ഭൗതിക സാഹചര്യങ്ങളും ഉപയോഗിച്ചുകൊണ്ട് ഈ സ്ഥലം സർക്കാർ ഏറ്റെടുത്തോ മറ്റ് മേഖലകളിലേക്ക് കൈമാറിയോ ഏതെങ്കിലും തരത്തിൽ ഈ സമരം ഒത്തുത്തീർപ്പാക്കി അവിടെ പുതിയ വ്യവസായം ആരംഭിക്കാനാവശ്യമായ സത്വര നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):* സർ, ഗ്രാസിം കമ്പനിയുടെ മാവൂരിലുള്ള ഫാക്ടറികൾ മാനേജ്മെന്റ് അടച്ചുപൂട്ടുകയും 2001 ജൂലൈ 7-ാം തീയതി തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടാക്കിയ ഒത്തുത്തീർപ്പിന്റെ അടിസ്ഥാനത്തിൽ മുഴുവൻ സ്ഥിരം തൊഴിലാളികൾക്കും നൽകേണ്ട നഷ്ടപരിഹാരത്തുകയും ഗ്രാറ്റുവിറ്റിയും പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം ഗ്രാസിം

LIBRARY ARCHIVES Kerala Legislative Assembly

കമ്പനിയിലെ കർഷകത്തൊഴിലാളികൾക്കും കരാർ തൊഴിലാളികൾക്കും നഷ്ടപരിഹാരം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് ആറ് ട്രേഡ് യൂണിയനുകൾ സംയുക്ത സമരപരിപാടികൾ ആരംഭിച്ചു. തൊഴിൽ വകുപ്പ് ഇടപെട്ട് പ്രശ്ന പരിഹാരത്തിന് 2002 ജൂലൈ മുതൽ ബന്ധപ്പെട്ട കക്ഷികളുടെ സംയുക്ത ചർച്ചകൾ നടത്തിവരികയാണ്. സർക്കാരിന് തിരിച്ചെടുക്കാവുന്ന സ്ഥലം തിരിച്ചെടുക്കുന്നതിന്റെ നിയമപരവും സാമ്പത്തികവുമായ വശങ്ങൾ പരിശോധിച്ചുവരുന്നു. മാവൂർ ഗ്വാളിയോർ റയോൺസുള്ള സ്ഥലത്ത് അനുയോജ്യമായ ഒരു വ്യവസായം സ്ഥാപിക്കണമെന്ന കാര്യം ഉടൻ പരിഗണിക്കുവാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ബിർളയ്ക്ക് കത്തയച്ചിട്ടുണ്ട്. കത്തിനുള്ള മറുപടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

(20) പനമരം പഞ്ചായത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീമതി രാധാരാഘവൻ: എന്റെ മണ്ഡലത്തിൽപ്പെട്ട പനമരം പഞ്ചായത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി 1994-ൽ സർവ്വേ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. 1992-ൽ തുടക്കമിട്ടതും 350 ഏക്കർ കൃഷിഭൂമിയിൽ ഇരുപ്പുകൃഷിക്ക് വെള്ളം എത്തിക്കുന്നതിനും മുന്നൂറോളം കർഷക കുടുംബങ്ങൾക്ക് ഗുണപ്രദമായതുമായ ഈ പദ്ധതിക്ക് ഇതുവരെ സർക്കാർ ഭരണാനുമതി നൽകിയില്ല. പ്രസ്തുത പദ്ധതിക്കാവശ്യമായ ഇലക്ട്രോണിക് ലൈൻ സൗകര്യം 100 മീറ്ററിനകത്ത് ലഭ്യമാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 69 ലക്ഷം രൂപയാണ് ഈ പദ്ധതിയുടെ നിർമ്മാണ ചെലവ്. പ്രദേശവാസികൾക്ക് വളരെയധികം ഉപകാരപ്രദമായ പ്രസ്തുത പദ്ധതിക്ക് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* പനമരം പഞ്ചായത്തിലെ നീർവാരം കല്ലുവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പനമരത്ത് നിന്ന് 10 കിലോമീറ്റർ അകലെയുള്ള നീർവാരം എന്ന സ്ഥലത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പനമരം നദീജലം മോട്ടോറും പമ്പും ഉപയോഗിച്ച് ഉയർത്തി കനാലുകൾ വഴി തിരിച്ചുവിട്ട് കൃഷിക്ക് ഉപയുക്തമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 142.33 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്കുള്ള 70.55 ലക്ഷം രൂപയുടെ അടങ്കൽ നിർദ്ദേശം 11-3-2005-ലെ ജി.ഒ പ്രകാരം RIDF-X-ൽ ഉൾപ്പെടുത്തി നബാർഡിൽ നിന്ന് സാമ്പത്തിക സഹായം

LIBRARY ARCHIVES Kerala Legislative Assembly